₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 10
Issue 9

**March 2022**

pages 24

“തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ”

**(യോഹന്നാൻ 3:16,17)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

R E A L L I F E V O I C E

**Volume 10 Issue 9 March 2022 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരി സംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.
**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 123**

## ഉള്ളടക്കം

പേജ്


- **ക്യാമ്പസ് കലാപങ്ങൾ** 3
- **പ്രതികരണങ്ങൾ** 6
- **തൃശ്ശൂരിലെ താരപ്പേട്ടൻ** (19) 7
- **സദുപയോഗവും ദുരുപയോഗവും** (5) 10
- **പുതിയനിയമത്തിലൂടെ....**(27) 13
- **ഹബക്കൂക്** (1) 16
- **സുവിശേഷവേലക്കാർ** 19
- **ഇമ്മാനുവിന്റെ സംശയങ്ങൾ** (36) 21
- **പഴ്സനൽസ്റ്റാഫ്** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ

# ക്യാമ്പസ് കലാപങ്ങൾ!



തിന്ന വറ്റ് എല്ലിൽ കുത്തി, ആരുടെയെങ്കിലും മെക്കട്ട് കേറാനായി നടക്കുന്ന കോളേജ്കുമാരന്മാരുടെ അടിപിടി വാർത്തകൾ വീണ്ടും സജീവമാകുന്നു. കൊറോണക്കാലവും ഓൺലൈൻക്ലാസ്സുകളും നിമിത്തം നഷ്ടപ്പെട്ട തല്ലും കത്തിക്കുത്തും ഒക്കെ പൂർവ്വാധികം ഉഷാറാക്കാനാണ് നമ്മുടെ കോളേജ്‌രാജന്മാരുടെ തീരുമാനമെന്നു തോന്നുന്നു. ഫ്രീക്കന്മാരും മുടിയന്മാരും വാഴുന്ന കാമ്പസുകളിൽ കഞ്ചാവ് വെറും പഴഞ്ചനാണത്രേ! പുതിയ പുതിയ 'സാധനങ്ങൾ' ഉണ്ടുപോലും! ക്ലാസ്സിൽ കയറുന്നത് അഭിമാനത്തിന് ക്ഷതമായി കരുതുന്ന വെറും തോന്നിവാസിക്കൂട്ടങ്ങളായി പല വിദ്യാർത്ഥികളും അധഃപതിച്ചിരിക്കുന്നു!

2022 ഫെബ്രുവരി 18 ലെ ചില പത്രവാർത്തകൾ നോക്കുക:

> **ശാസ്താംകോട്ട കോളജിൽ എസ്എഫ്ഐ-കെഎസ്‌യു സംഘർഷം: 30 പേർക്ക് പരുക്ക്.** മാരകായുധങ്ങളുമായി കോളജിൽനിന്നു തുടങ്ങി താലൂക്ക് ആശുപത്രിയിലേക്കും ശാസ്താംകോട്ട ടൗണിലേക്കും പടർന്ന സംഘർഷം നിയന്ത്രിക്കാൻ കഴിയാതെ പോലീസ് കാഴ്ചക്കാരായി. പത്തോളം വീടുകൾക്കുനേരെയും സംഘടിതമായ ആക്രമണം നടന്നു.
>
> **എസ്എഫ്ഐ-എഐഎസ്എഫ് നേതാക്കൾ ഏറ്റുമുട്ടി.** ഒല്ലൂർ ഗവ.ആർട്സ് ആൻഡ് സയൻസ് കോളജിലെ സംഘർഷത്തിന്റെ തുടർച്ചയായി ജനറൽ ആശുപത്രിയിൽ എസ്എഫ്ഐ-എഐഎസ്എഫ് നേതാക്കൾ ഏറ്റുമുട്ടിയതോടെ പോലീസ് ലാത്തി വീശി. കോളജിലെ സംഘർഷത്തിൽ പരിക്കേറ്റ് ജനറൽ ആശുപത്രിയിൽ എത്തിയ ഇരുവിഭാഗം പ്രവർത്തകരും അവിടെയും ഏറ്റുമുട്ടുകയായിരുന്നു.

കോളജിൽ എന്തിനുവേണ്ടി വരുന്നു എന്നു ഓരോ വിദ്യാർത്ഥിയും ചിന്തിച്ചിരുന്നുവെങ്കിൽ കാമ്പസുകളിലെ കലാപങ്ങൾ അവസാനിക്കും. പഠിക്കുക എന്ന ലക്ഷ്യമല്ല പലർക്കുമുള്ളത്. കാമ്പസ് ലൈഫ് അടിച്ചുപൊളിക്കാനുള്ളതാണ് എന്ന തെറ്റിദ്ധാരണയാണ് പല കുട്ടികൾക്കുമുള്ളത്. ഈ

കാമ്പസ്‌ലൈഫിനുശേഷം ജീവിതത്തിന്റെ നിർണ്ണായകഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ് എന്നു ഇവർ മറന്നുപോകുന്നു. പഠിച്ചതിന്റെയും സർട്ടിഫിക്കറ്റിന്റെയും പെർഫോർമൻസിന്റെയും അടിസ്ഥാനത്തിൽ നിരവധി നല്ല ജോലിസാധ്യതകൾ മുന്നിലുണ്ടായിരിക്കെ, അതിനെയൊന്നും ഗൗരവത്തിൽ കാണാതെ, അടിച്ചുപൊളി കാമ്പസ്‌ലൈഫ് എന്ന സ്വപ്നവുമായി മുന്നേറുന്ന കുട്ടികൾ സ്വന്തം ജീവിതംകൊണ്ട് കളിക്കുന്നവരാണ്.

**'സപ്ലി'ക്കാർ**

കോളജ്‌രാഷ്ട്രീയം മൂലം പഠിത്തം ഉഴപ്പി 'സപ്ലി'യുമായി നടക്കുന്ന ധാരാളം കുട്ടികളെ കാണാൻ കഴിഞ്ഞിട്ടുണ്ട്. സ്വന്തം ജീവിതത്തോട് തന്നെ വിശ്വസ്തത കാണിക്കാതെ പോയവരാണ് അവർ. അവരെ പഠിക്കാനയച്ച മാതാപിതാക്കളേയും പഠിപ്പിച്ച അദ്ധ്യാപകരേയും ഒരുമിച്ച് പരിഹസിക്കുന്ന സ്വഭാവമാണ് അവർ കാണിച്ചത്. സ്വന്തം ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടവർ!

**ക്രൂരന്മാർ**

സ്വഭാവത്തിൽ ഒരുതരം നിഷേധഭാവം ഈ കുട്ടികളിൽ കാണുന്നു. അവരെ പേടിച്ച് കഴിയേണ്ട അവസ്ഥയാണ് അദ്ധ്യാപകർക്കുള്ളത്. അദ്ധ്യാപകരെ മുറിയിൽ പൂട്ടിയിടുക, അദ്ധ്യാപകരെ തല്ലുക, കാൽ തല്ലിയൊടിക്കുക, അദ്ധ്യാപകർക്ക് പ്രതീകാത്മകമായി ശവമടക്ക് നടത്തുക, അദ്ധ്യാപകർക്ക് ഇരിക്കാനുള്ള കസേര കത്തിക്കുക ഇവയൊക്കെ ചെയ്ത വിദ്യാർത്ഥികളെക്കുറിച്ചുള്ള വാർത്തകൾ നാം കേട്ടിട്ടുണ്ടല്ലോ. അനുഗ്രഹത്തിനു പകരം ശാപം വാങ്ങിക്കൂട്ടിക്കൊണ്ട് സമൂഹത്തിനും കുടുംബത്തിനും തീരാബാധ്യതയായി തരംതാണുപോയവർ!

**ലഹരിക്കാർ**

കോളജ്കാമ്പസും ലഹരിയും ഒരു പുതിയ പ്രമേയമൊന്നുമല്ല. വാല്യുവേഷൻ കാമ്പിനുവേണ്ടി ഞാൻ പോയ ഒരു കോളജിന്റെ മൂത്രപ്പുരയിൽ നിരവധി മദ്യക്കുപ്പികളും ഒഴിഞ്ഞ സിഗരറ്റുപായ്ക്കറ്റുകളും കാണാൻ കഴിഞ്ഞു. കോളജ്സമയത്ത് ഇതെല്ലാം നുകർന്നും വലിച്ചും കയറ്റി, കോളേജിൽ കഴിയുന്ന കുമാരന്മാർ, അവയുടെ അടിമത്വം നിമിത്തം ചെയ്തുകൂട്ടുന്നത് എന്തെല്ലാമാണ്? റാഗിംങ്, നിർബന്ധിത പണംപിരിവ്, അടിപിടി എന്നിങ്ങനെ സകല കൊള്ളരുതായ്മകളുടെയും ചതുപ്പുനിലങ്ങളായി അവർ മാറുന്നു.

**സ്വന്തംജീവിതവും മറ്റുള്ളവരുടെ ജീവിതവും നശിപ്പിക്കുന്നവർ**

ഗുണ്ടായിസത്തിലൂടെയും പ്രേമത്തിലൂടെയും റാഗിംങ്ങിലൂടെയും

ലഹരിയുടെ ഉപയോഗത്താലും ഇവർ നശിപ്പിച്ചിട്ടുള്ളത് മറ്റുള്ളവരുടെ ജീവിതങ്ങൾ കൂടിയാണ്. അവരുടെ മേൽ മാത്രമല്ല, അവരുടെ തലമുറകളുടെ മേൽ കൂടി ശാപം വന്നു വീഴുന്ന തരത്തിലാണ് ഇക്കൂട്ടർ മറ്റുള്ളവരോട് ദ്രോഹം ചെയ്തിട്ടുള്ളത്. എത്രയെത്ര അദ്ധ്യാപകർ ഇവരെ മനസ്സറിഞ്ഞ് ശപിച്ചിട്ടുണ്ട്! എത്രയെത്ര കുട്ടികൾ ഇവരെ വെറുത്തിട്ടുണ്ട്! എത്രയെത്ര മാതാപിതാക്കൾ ഇവർ നിമിത്തം ദുഃഖിക്കേണ്ടി വന്നിട്ടുണ്ട്!

**വല്ലവന്റെയും നേട്ടത്തിനുവേണ്ടി ജീവിതം നശിപ്പിക്കുന്നവർ**

രാഷ്ട്രീയപാർട്ടികളുടെ പേരിൽ തല്ലുകൊണ്ടു നടക്കാനല്ലാതെ ജീവിതത്തിൽ എന്തെങ്കിലും നേട്ടം ഉണ്ടാക്കാൻ ഇത്തരക്കാർക്ക് കഴിയില്ല. ഇവരുടെ വിയർപ്പിന്റേയും രക്തത്തിന്റേയും മറവിൽ തടിച്ചുകൊഴുക്കുന്നത് മറ്റുള്ളവരാണ്. ഇവിടെയുള്ള നേതാക്കന്മാർക്കെല്ലാം മക്കൾ ഉള്ളവരാണ്. പക്ഷേ അടി കൊണ്ടവരുടെയും രക്തസാക്ഷികളായിത്തീർന്നവരുടെയും ജയിലിൽ കിടക്കുന്നവരുടെയും ലിസ്റ്റ് എടുത്തുനോക്കുക. ഏതെങ്കിലും നേതാവിന്റെ മകനുണ്ടോ? എന്നാൽ അധികാരസ്ഥാനത്ത് ഇരിക്കുന്നവരെ നോക്കുക. അതിൽ നേതാക്കന്മാരുടെ മക്കളില്ലേ? വല്ലവന്റെയും അധികാരക്കസേര ഉറപ്പിക്കുന്നതിനുവേണ്ടി സ്വന്തം ജീവിതവും ജീവനും അപകടത്തിലാക്കുന്ന കഴുതകൾ ഇതൊന്നു തിരിച്ചറിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു!

**വിദ്യാർത്ഥികളേ ഇതു തിരിച്ചറിയുക**

കോളജിൽ വരുന്നത് പഠിക്കാനാണ്. അവിടെനിന്നും നേടേണ്ടത് വിദ്യയും സത്സ്വഭാവവുമാണ്. അദ്ധ്യാപകരെ അനുസരിച്ചും ബഹുമാനിച്ചും ജീവിക്കണം. അത് അപമാനമായി തോന്നുന്നുവെങ്കിൽ ജീവിതത്തിൽ താഴ്ച മാത്രമേ ഉണ്ടാകൂ. പ്രേമത്തിന്റെ ഊരാക്കുരുക്കിൽ പെട്ടുപോകരുത്. ലഹരിയുടെ കരാളഹസ്തങ്ങളിൽ പെട്ടുപോകരുത്. രാഷ്ട്രീയപാർട്ടികളുടെ കയ്യിലെ ചട്ടുകമായിത്തീരരുത്. സ്വന്തമായും സ്വതന്ത്രമായും ഉള്ള നിലപാടുകൾ ഉണ്ടാവണം. ജീവിതത്തിൽ വിജയിക്കണം. മറ്റുള്ളവർക്ക് മാതൃകയാവണം.

ഇതിനൊന്നും തയ്യാറല്ലാത്ത കുട്ടികൾക്കുവേണ്ടി വയലാറിന്റെ നാലു വരി കവിത താഴെ കൊടുക്കുന്നു:

തലയിൽ ചകിരിച്ചോറും തിരുകി
തെണ്ടിനടക്കും കഴുതകളെ
കൊടിയും യോഗവുമൊന്നും
ഉടയരാവുകയില്ലൊരുനാളും

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## K. S. Abraham, Koovappara, Ernakulam

നന്ദി. ഈ ലക്കം മാസിക വായിച്ചു. വളരെ നന്ന്. സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ വായിച്ചു. വിശ്വാസിയായ ആ അമ്മയുടെ അന്ത്യം സ്വന്തം മകന്റെ കൈ കൊണ്ട് തന്നെ എന്നത് ഏറെ വേദനിപ്പിച്ചു. എഡിറ്റോറിയൽ വായിച്ചു. ക്രിസ്തീയഗോളത്തിലെ വിവാഹങ്ങൾ എത്രത്തോളം ദൈവനാമം മഹത്വപ്പെടാൻ ഇടയാക്കുന്നു എന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതിന്റെ വിശുദ്ധി നഷ്ടപ്പെടുന്നുവോ എന്നതും ചിന്തനീയം. ലേഖനങ്ങൾ നിലവാരം പുലർത്തുന്നു. അഭിനന്ദനങ്ങൾ.

## Reji Cheruvathur, Pazhanji, Thrissur

ഖുർആനെക്കുറിച്ചുള്ള ലേഖനം വളരെ ആകർഷണീയമായിരുന്നു. ഇത്തരം കാര്യങ്ങൾ മാസികകളിൽ അധികമൊന്നും കാണാറില്ല. റിയൽ ലൈഫ് വോയ്സിൽ അതു വായിക്കാൻ കഴിഞ്ഞതിൽ സന്തോഷം. ഇത്തരം വിജ്ഞാനപ്രദമായ ലേഖനങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

## Pr. Jose M J, Kumplampoika, Pathanmthitta

*അടിച്ചുപിരിയുന്ന ദാമ്പത്യബന്ധങ്ങൾ* എന്ന എഡിറ്റോറിയൽ വളരെ നന്നായി. മന്ത്രകോടിയും മറ്റും പുതിയ ഭാവങ്ങളിൽ ദൈവജനത്തിന്റെ മദ്ധ്യേ കടന്നുവന്നിരിക്കുന്നു. പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന നവദമ്പതികളുടെ കയ്യിൽ ആദ്യം തന്നെ കത്തി എടുത്തുകൊടുക്കുന്ന ആ കേക്കുമുറിയും കൂടി നാം ഒഴിവാക്കണം എന്നാണ് എന്റെ അഭിപ്രായം.

## Jose K A, Changampuzha Nagar, Kochi

*അടിച്ചുപിരിയുന്ന ദാമ്പത്യബന്ധങ്ങൾ* എന്ന എഡിറ്റോറിയൽ വളരെ ആനുകാലിക പ്രസക്തിയുള്ള വിഷയമാണ്. ആ ലേഖനത്തിലുള്ള കാര്യങ്ങൾ വിശ്വാസികൾ പ്രത്യേകിച്ച് യൗവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

**-എംവിഎസ്-**

19

### മുഹമ്മദ് ഒരു പ്രവാചകനോ?

മുസ്ലീങ്ങളുമായുള്ള സംവാദം ലോകത്തിന്റെ പല ഭാഗങ്ങളിൽ പലപ്പോഴും നടന്നിട്ടുണ്ട്. കേരളത്തിലും അത്തരം സംവാദങ്ങൾ നടന്നിട്ടുണ്ട്. മുസ്ലീങ്ങളുടെ ഖുർആനും ഹദീസുകളും പഠിച്ച്, അവരുടെ ആചാരങ്ങളേയും ക്രൈസ്തവവിമർശനങ്ങളേയും ചങ്കുറപ്പോടെ വെല്ലുവിളിച്ച് പോരാളികളായി നിൽക്കുന്നവരുടെ പ്രകടനങ്ങൾ ഇന്ന് നമുക്ക് യൂട്യൂബിലും മറ്റും സുലഭമാണല്ലോ.

**സി.വി.താരപ്പൻ (1886–1958): 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

തിരുവട്ടാർ കൃഷ്ണൻകുട്ടിയും എം.എം. അക്ബറുമായുള്ള സംവാദങ്ങളാണ് കേരളം ആവേശത്തോടെ നോക്കിക്കണ്ടത്. തുടർന്ന് ആ യുദ്ധക്കളത്തിലേക്ക് കടന്നുവന്ന് നെഞ്ചുംവിരിച്ച് നിന്നവർ ധാരാളം. ഖുർആനും ഹദീസുകളും പഠിക്കാത്ത ക്രിസ്ത്യാനികളെ ബൈബിൾ പഠിച്ചുവന്ന മുസ്ലീങ്ങൾ പലയിടത്തും വാദപ്രതിവാദങ്ങളിൽ തോൽപ്പിക്കുമായിരുന്നു. ഇപ്പോഴാകട്ടെ, ഖുർആനും ഹദീസുകളും പഠിച്ച് പോരാളികൾ ഇറങ്ങിയപ്പോൾ, മുസ്ലീങ്ങളിലെ വിമർശകർക്ക് കണ്ടംവഴി ഓടേണ്ട ഗതിയായിപ്പോയി.

### സി. വി. താരപ്പൻ – മുന്നേയുള്ള പോരാളി

താരപ്പൻസഹോദരനും മുസ്ലീങ്ങളുമായി സംവാദം നടത്തിയിരുന്നു. ഖുർആനിലെ സൂറകളും (അദ്ധ്യായങ്ങളും) ആയത്തുകളും (വാക്യങ്ങളും) എല്ലാം പഠിച്ചതിനുശേഷം തന്നെയാണ് അദ്ദേഹം അങ്കക്കളരിയിൽ നിന്നിരുന്നത്. തുടർന്ന് *മുഹമ്മദ് ഒരു പ്രവാചകനോ?* എന്ന പേരിൽ അദ്ദേഹം ഒരു ചെറുപുസ്തകം എഴുതി. കൊല്ലവർഷം 1105 ൽ (1929) ആണ് ആ പുസ്തകം പ്രസിദ്ധീകരിച്ചത്. ആ പുസ്തകം എഴുതാനുണ്ടായ സാഹചര്യം അദ്ദേഹം അതിൽ വിവരിച്ചിട്ടുണ്ട്. അതിപ്രകാരമാണ്:

1104 തുലാം 26-ാം നു പെങ്ങാമുക്ക് മുട്ടൂക്കൽ വെച്ച് ചില മുഹമ്മദീയ മൗലവിമാരും സ്ഥലം ക്രിസ്തീയസഭാ പ്രതിനിധികളും തമ്മിൽ ചില വാദപ്രതിവാദ പ്രസംഗങ്ങൾ നടത്തിയ ശേഷം ഇതിൻ ഫലമായി ഇനിയും ഒരു യോഗം നടത്തുമെന്നു ഇസ്ലാം സ്നേഹിതന്മാർ സ്ഥലത്തു പ്രസിദ്ധം ചെയ്കയും, അതു ഇതേവരെ നടത്താതെ 'മുഹമ്മദ് അവസാനത്തെ ദീർഘദർശി' എന്ന പേരിൽ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തുകയാണ് ചെയ്തത്. ആ ലഘുലേഖയാണ് ഇത് എഴുതുവാൻ എന്നെ പ്രേരിതനാക്കിയത്.

### 12 പോയിന്റുകൾ

*മുഹമ്മദ് ഒരു പ്രവാചകനോ?* എന്ന പുസ്തകത്തിൽ, മുഹമ്മദിനെ ഒരു പ്രവാചകനായി കാണാൻ ഒരിക്കലും കഴിയില്ലെന്ന് സ്ഥാപിച്ചുകൊണ്ട് താരപ്പൻസഹോദരൻ 12 പോയിന്റുകൾ അവതരിപ്പിച്ചിട്ടുണ്ട്. മുഹമ്മദ് ഒരു മതം സ്ഥാപിച്ചു എന്നും കരുതി അദ്ദേഹം പ്രവാചകനാകുന്നില്ല. കാരണം ഇതരമതസ്ഥാപകന്മാരെ പ്രവാചകന്മാരായി മുസ്ലീങ്ങളും കരുതുന്നില്ലല്ലോ.

### ഇഞ്ചീലിൽ പറയുന്ന പ്രവാചകൻ മുഹമ്മദല്ല

*മുഹമ്മദ് ഒരു പ്രവാചകനോ?* എന്ന പുസ്തകത്തിലെ ഏഴാമത്തെ പോയിന്റാണിത്. സുവിശേഷങ്ങളിൽ (ഇഞ്ചീൽ) കാര്യസ്ഥനെ അയയ്ക്കുമെന്നും യെരൂശലേമിൽ ആ വാഗ്ദത്തത്തിനായി കാത്തിരിക്കേണമെന്നും പറയുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചാണ് പറയുന്നത് എന്നു എല്ലാ ക്രിസ്ത്യാനികൾക്കും അറിയാം. പക്ഷേ മുസ്ലീങ്ങൾ പറയുന്നത് ആ കാര്യസ്ഥൻ മുഹമ്മദ് ആണെന്നാണ്. ഇതിന് താരപ്പൻസഹോദരൻ കൊടുക്കുന്ന മറുപടി ശ്രദ്ധിക്കൂ:

> ക്രിസ്തു വാഗ്ദത്തം ചെയ്ത ആശ്വാസപ്രദൻ മുഹമ്മദാണെന്നു ക്രിസ്തുവിന്റെ ശിഷ്യന്മാർ ധരിച്ചിരുന്നെങ്കിൽ നാലോ അഞ്ചോ നൂറ്റാണ്ടുകളോളം യെരൂശലേമിൽ അവർ കാത്തിരിക്കുമായിരുന്നു. അവർ മുഹമ്മദിന്റെ വരവിനു അഞ്ചൂറു കൊല്ലങ്ങൾക്കു മുമ്പേ ഭൂമിയുടെ നാനാഭാഗത്തു പ്രസംഗിക്കുകയും സുവിശേഷം എഴുതുകയും ചെയ്തു. ഇവർ ചെയ്തത് കല്പനാലംഘനവും അബദ്ധവുമാണെന്നു വരികിൽ സാക്ഷാൽ ആശ്വാസപ്രദൻ അവരെ ശാസിക്കയും അവർ എഴുതിയ സുവിശേഷത്തെ നിഷേധിക്കയും ചെയ്യുമായിരുന്നു. നേരെ മറിച്ചു, മുഹമ്മദ് സുവിശേഷം (ഇഞ്ചീൽ) ദൈവപ്രമാണമാണെന്നു വിശ്വസിക്കയും അപ്പൊസ്തലന്മാർ സത്യവാന്മാരാണെന്നു സമ്മതിക്കയും ചെയ്തിരിക്കുന്നു. 3-ാം സൂറത്ത്

4 ഉം 5 ഉം വാകൃങ്ങളിലും, 4-ാം സൂറത്ത് 111 ഉം 112 ഉം വാകൃങ്ങളിലും, 61 -ാം സൂറത്ത് 14-ാം വാകൃത്തിലും മുഹമ്മദ് ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരെ സ്തുതിച്ചു പറഞ്ഞിരിക്കുന്നു.

മുഹമ്മദിന്റെ ജനനകാലത്ത് ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ ആരും ജീവിച്ചിരുന്നില്ല എന്നുള്ളത് സർവ്വസമ്മതമാണ്. പരിശുദ്ധാത്മാവ് ലഭിക്കുവോളം നിങ്ങൾ യെരൂശലേമിൽനിന്നു പോകരുതെന്നു അവരെ പറഞ്ഞുറപ്പിച്ച ആ പരിശുദ്ധാത്മാവിനെ വളരെ തലമുറകൾക്കു ശേഷമാണ് അയച്ചത് എന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?

**കുറാനും വേദപുസ്തകവും തമ്മിൽ ഭിന്നിച്ചതെന്ത്?**

*മുഹമ്മദ് ഒരു പ്രവാചകനോ?* എന്ന പുസ്തകത്തിലെ പത്താമത്തെ പോയിന്റാണിത്. ചില കാര്യങ്ങൾ ബൈബിളിലും ഖുർആനിലും വ്യത്യസ്തമായി കാണുന്നതിനാൽ ബൈബിൾ തിരുത്തപ്പെട്ടിട്ടുണ്ട് എന്നാണ് മുസ്ലീംസ്നേഹിതന്മാർ പറയുന്നത്. എന്നാൽ ഖുർആനിലെ വ്യത്യാസങ്ങൾക്കുള്ള കാരണം മുഹമ്മദിന്റെ വിവരക്കുറവാണെന്നു താരപ്പൻസഹോദരൻ തുറന്നടിച്ചു പറയുന്നുണ്ട്.

മുഹമ്മദ് അക്ഷരാഭ്യാസം ഇല്ലാത്തവനായിരുന്നു (റസൂൽ കരീം ഭാഗം 65). അതിനാൽ എബ്രായ, ഗ്രീക്ക് എന്നീ ഭാഷയിലുള്ള പഴയ പുതിയ നിയമം വായിച്ചു പഠിപ്പാൻ ഇടയില്ല.

ജബ്രാ എന്നു പേരുള്ള ഒരടിമ ന്യായപ്രമാണത്തേയും സുവിശേഷത്തേയും വായിച്ചുകൊണ്ടിരിക്കുമ്പോൾ മുഹമ്മദ് അതിലേ കടന്നുപോകയും ഒളിച്ചിരുന്നു ശ്രദ്ധിക്കയും ചെയ്ക പതിവായിരുന്നു എന്നു വ്യാഖ്യാതാവായ ഉസ്സൈയിൻ പറയുന്നു. അങ്ങിനെയുള്ള കേൾവി മനസ്സിൽവച്ച് മറ്റുള്ളവരെക്കൊണ്ട് എഴുതിച്ചതിൽ തെറ്റിപ്പോയെന്നു വരാൻ ഇടയുണ്ട്. ..മുഹമ്മദിന്റെ കച്ചവടയാത്രയിൽ പല ക്രിസ്ത്യാനികളോടും യെഹൂദന്മാരോടും ഇടപെടുവാൻ സംഗതി ആയിട്ടുള്ളതിനാൽ ആ നൂറ്റാണ്ടിൽ യെഹൂദന്മാരും ക്രിസ്ത്യാനികളും ഉപയോഗിച്ചുപോരുന്ന വല്ല പാരമ്പര്യങ്ങളിൽനിന്നുമായിരിക്കണം മുഹമ്മദിനു ഗ്രഹിപ്പാൻ ഇടയായിട്ടുള്ളത്. അതുകൊണ്ട് പല അബദ്ധങ്ങളും മുഹമ്മദ് എഴുതിയതിൽ വന്നിട്ടുണ്ട്.

ഇതിന് ഉദാഹരണമായി സൂറ 11 അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. നോഹയുടെ ഒരു മകൻ പെട്ടകത്തിലേക്ക് കടന്നില്ലെന്നും അവൻ പ്രളയത്തിൽ മുങ്ങിച്ചത്തുപോയി എന്നുമാണ് അത്. ഇതുപോലെ പല അബദ്ധങ്ങളും ഖുർആനിൽ കടന്നുകൂടിയിട്ടുണ്ട്. **(തുടരും)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

5

### ഒഴിവാക്കേണ്ട അപകടങ്ങൾ

വളരെ കഠിനമായി അദ്ധ്വാനിക്കുന്ന ദിവസവേതനക്കാരായ ലക്ഷക്കണക്കിന് തൊഴിലാളികൾ ഇന്ത്യയിലുണ്ട്. ഇവരിൽ അനേകർ മദ്യാസക്തി ഉള്ളവരായി കാണപ്പെടുന്നു എന്നത് സത്യമാണ്. ഒരാൾ മദ്യം കഴിക്കുമ്പോൾ അയാൾക്ക് ലഹരി പിടിക്കുന്നു; ലഹരി പിടിക്കുമ്പോൾ അയാളുടെ മാനസികലോകം ഹ്രസ്വീകരിക്കപ്പെടുന്നതിന്റെ അഥവാ ചുരുങ്ങിപ്പോകുന്നതിന്റെ ഫലമായി അയാളുടെ കുടുംബാംഗങ്ങളുടെയും അയാളുടെ തന്നെയും ക്ഷേമത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചുള്ള ബോധം അയാൾക്ക് ഇല്ലാതെയായിപ്പോകയും ചെയ്യുന്നു.

തന്റെ ഭാര്യയ്ക്കും മക്കൾക്കും തന്റെ മാനസികലോകത്തിൽ കൊടുക്കേണ്ട സ്ഥാനം കൊടുക്കാതെ അതിനെ ഹ്രസ്വീകരിക്കുന്നതുകൊണ്ടാണ് അവരുടെ ക്ഷേമത്തിനായി ചെലവാക്കേണ്ട പണം ചെലവാക്കാതെ അതു മദ്യം കഴിക്കുന്നതിനു വേണ്ടി ചെലവാക്കാൻ അയാൾ തയ്യാറാകുന്നത്. മദ്യാസക്തി ഒരാളുടെ മാനസികലോകത്തെ ഹ്രസ്വീകരിച്ച് ചുരുക്കിക്കളയുമ്പോൾ അയാൾ പ്രാധാന്യം കൊടുക്കേണ്ട കാര്യങ്ങൾ അപ്രധാനങ്ങളാണെന്നു അയാൾക്കു തോന്നും; അയാൾ സ്നേഹിക്കേണ്ട ആളുകൾക്ക് അയാളുടെ ഹൃദയത്തിൽ യാതൊരു സ്ഥാനവും ഇല്ലെന്ന അവസ്ഥ ഉണ്ടാകും.

ചുരുക്കത്തിൽ മാനസികലോകത്തിന്റെ ഹ്രസ്വീകരണം അഥവാ ചുരുങ്ങിപ്പോകൽ മദ്യപാനം മൂലം സംഭവിക്കുമ്പോൾ ഒരാൾക്ക് താൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ കഴിവില്ലാത്ത അവസ്ഥയും സ്വന്തം കുടുംബത്തെ പോലും സ്നേഹിക്കാൻ കഴിവില്ലാത്ത അവസ്ഥയുമാണ് വന്നു ചേരുക. എന്നാൽ ഇതിനേക്കാളൊക്കെ വളരെ ഭയങ്കരമായ മറ്റൊരു തരത്തിലുള്ള അപകടം ഇന്നത്തെ ലോകത്തിൽ സംഭവിച്ചുകൊണ്ടാണിരിക്കുന്നത്.

### സദുപയോഗവും ദുരുപയോഗവും

ഏതൊരു വസ്തുവും ഗുണകരമായ വിധത്തിലും ദോഷകരമായ വിധത്തിലും ഉപയോഗിക്കാമെന്നത് സത്യമാണ്. ഒരു വസ്തു നല്ല വിധത്തി

ലാണ് നാം ഉപയോഗിക്കുന്നതെങ്കിൽ അക്കാര്യം മറ്റാരും അറിയരുത് എന്നു നാം നിർബന്ധം പിടിക്കയില്ല. മൊബൈൽഫോണോ കമ്പ്യൂട്ടറോ ഉപയോഗിച്ച് ചാറ്റിംഗിലൂടെ വിജ്ഞാനപ്രദമായ സന്ദേശങ്ങളോ വാർത്താ പ്രാധാന്യമുള്ള സന്ദേശങ്ങളോ ഒക്കെ കൈമാറുക സാധ്യമാണ്. എന്നാൽ ഇക്കാലത്ത് ചാറ്റിംഗ് എന്ന ആശയവിനിമയ രീതി അഭികാമ്യവും ഗുണകരവുമായ വിധത്തിൽ സന്ദേശങ്ങൾ കൈമാറാൻ പ്രയോജനപ്പെടുന്നതിനേക്കാൾ വളരെ കൂടുതൽ അത് ദോഷകരമായ വിധത്തിൽ സന്ദേശങ്ങൾ കൈമാറാനാണ് ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതു ആർക്കും നിഷേധിക്കാനാവാത്ത സത്യമാണ്.

### അനുചിതമായ ചാറ്റിംഗ്

കൗമാരപ്രായത്തിലുള്ള ഒരു ആൺകുട്ടിയും പെൺകുട്ടിയും തമ്മിൽ സ്കൂളിലോ കോളേജിലോ അവർക്കുള്ള ഒരു പഠനവിഷയത്തോടുള്ള ബന്ധത്തിൽ ചാറ്റിംഗ് നടത്തിയാൽ അതിലൂടെ അവർ അന്യോന്യം കൈമാറുന്ന ആശയങ്ങൾ അവരുടെ മാനസിക ലോകത്തിന്റെ വികാസത്തിനാണ് സഹായിക്കുന്നത്, ഹ്രസ്വീകരണത്തിനല്ല. ചാറ്റു ചെയ്യുമ്പോൾ കൈമാറുന്ന സന്ദേശങ്ങൾ മറ്റാരും അറിയരുത് എന്നൊരു നിർബന്ധം അവർക്കു തോന്നുകയുമില്ല. ചാറ്റിംഗിലൂടെ തങ്ങൾ ഇന്നിന്ന ആശയങ്ങൾ അന്യോന്യം കൈമാറി എന്നു മറ്റുള്ളവരോടു ആവശ്യാനുസരണം പറയുന്നതിന് അവർക്ക് മടി തോന്നുകയുമില്ല.

എന്നാൽ അവർ കൈമാറുന്ന സന്ദേശങ്ങൾ രഹസ്യമായിരിക്കണം, മറ്റാരും അറിയരുത് എന്നൊരു വ്യഗ്രത അവർക്കു തോന്നുന്നുവെങ്കിൽ അതിന്റെ അർത്ഥം, മറ്റുള്ളവർ അറിഞ്ഞാൽ തെറ്റെന്നു പരിഗണിക്കപ്പെടുവാൻ ന്യായമുള്ള സന്ദേശങ്ങൾ അവർ കൈമാറി എന്നാണ്. പരസ്പര ബന്ധം സംബന്ധിച്ച് മറ്റുള്ളവർ അറിയുന്നത് ഉചിതമല്ലാതിരിക്കുന്ന അവസ്ഥ ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തിൽ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ സ്കൂളിലോ കോളേജിലോ പഠിച്ചുകൊണ്ടിരിക്കുന്ന കൗമാരപ്രായത്തിലുള്ള ഒരാൺകുട്ടിയെയും പെൺകുട്ടിയെയും സംബന്ധിച്ചിടത്തോളം അതു സ്വാഭാവികമല്ല. അതിനാൽ രഹസ്യസ്വഭാവത്തോടു കൂടിയ ചാറ്റിംഗ് അവർ തമ്മിൽ നടത്തുന്നത് ഉചിതമല്ല.

അതു മാത്രമല്ല ഭാര്യാഭർത്താക്കന്മാരല്ലാത്ത ഒരു പുരുഷനും സ്ത്രീയും തമ്മിൽ തികച്ചും വ്യക്തിപരമായ കാര്യങ്ങളോടുള്ള ബന്ധത്തിൽ രഹസ്യസന്ദേശങ്ങൾ ചാറ്റിംഗ് വഴി കൈമാറിക്കൊണ്ടിരുന്നാൽ അതു ദോഷം ചെയ്യുന്നതിനു വളരെയധികം സാധ്യതയുണ്ട്. അങ്ങനെ ചെയ്യുമ്പോൾ ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായിരിക്കേണ്ട മാനസികമായ അടുപ്പം

ഭാര്യാഭർത്താക്കന്മാരല്ലാത്ത രണ്ടു പേർ തമ്മിൽ ഉണ്ടാവുകയാണ് ചെയ്യുന്നത്. ഇങ്ങനെ സംഭവിക്കുമ്പോൾ അവരുടെ മാനസികലോകത്തിൽ നൽകരുതാത്ത സ്ഥാനവും പ്രാധാന്യവും ഒരാൾക്ക് നൽകപ്പെടുകയും മറ്റനേകർക്ക് നൽകപ്പെടേണ്ട സ്ഥാനങ്ങൾ നൽകപ്പെടാതെ പോകയും ചെയ്യും.

ഒരാൾ തന്റെ മാനസികലോകത്തിൽ മറ്റുള്ളവർക്ക് കൊടുക്കേണ്ട സ്ഥാനം കൊടുക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടാൽ അതിന്റെ അർത്ഥം അയാളുടെ മാനസികലോകം വികസിച്ചുകൊണ്ടിരിക്കുന്നതിനു പകരം അതു ചുരുങ്ങിപ്പോകുന്നു അഥവാ ഹ്രസ്വീകരിക്കപ്പെടുന്നു എന്നാണ്. ഇതു അപകടം ക്ഷണിച്ചുവരുത്തുന്ന മാനസികാവസ്ഥയാണ്. **(തുടരും)**


**STATEMENT**

Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Kuttur, Real Life, Mamparampil House, Kottekad, Kuttur P.O, Thrissur - 680 013 |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | Mamparampil House, Kottekad, Kuttur P.O., Thrissur, Kerala - 680 013 |
| 4. Publisher's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | same as in 3 |
| 5. Editor's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | same as in 3 |

I, Sebastian M. V., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

**Sebastian M. V.**

Publisher

17-03-2022

# (27) പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**മൂന്നാം ഭാഗം: മൃഗങ്ങൾ**

**11. ആട്** (മത്തായി 7:15)

ആട് എന്ന് പറഞ്ഞാൽ അതുകൊണ്ട് ഉദ്ദേശിക്കുന്നത് ചെമ്മരിയാട് (sheep) ആണ്. മത്തായി 25:32 ൽ, ചെമ്മരിയാട് എന്ന് ഉപയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ളിടത്തെല്ലാം ആട് എന്നാണ് മലയാളത്തിൽ കാണുന്നതെങ്കിലും ഗ്രീക്കിൽ അങ്ങനെയല്ല. ഹാബേൽ ആട്ടിടയൻ ആയിരുന്നു എന്നു നാം ഉല്പത്തി 4:2 ൽ വായിക്കുന്നു. ആടിനെക്കുറിച്ചുള്ള ബൈബിളിലെ ആദ്യ വാക്യമാണത്. ആടുകളുടെ വേഷം ധരിച്ച് വരുന്ന കള്ളപ്രവാചകന്മാരുടെ കാര്യം മത്തായി 7:15 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതാണ് പുതിയനിയമത്തിൽ ആടിനെക്കുറിച്ചുള്ള ആദ്യവാക്യം.

ആടിനെക്കുറിച്ച് പുതിയനിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ വാക്യങ്ങളും പരിശോധിച്ചപ്പോൾ, പല അവസ്ഥകളിലുള്ള ആടുകളെ കാണാൻ കഴിഞ്ഞു. അവ താഴെപ്പറയുന്നവയാണ്:

(1) കാണാതെ പോയ ആട് (ലൂക്കൊസ് 15:6)
(2) ഇടയനില്ലാത്ത ആട് (മത്തായി 9:36)
(3) ചെന്നായ്ക്കളുടെ നടുവിലെ ആട് (മത്തായി 10:16)
(4) രാജാവിന്റെ വലതുവശത്തെ ആട് (മത്തായി 25:33)
(5) ചിതറിപ്പോയ ആട് (മർക്കൊസ് 14:27)
(6) ഇടയന്റെ ശബ്ദം കേൾക്കുന്ന ആട് (യോഹന്നാൻ 10:16)

ഈ ആടുകളുടെ സ്ഥാനത്ത് നാം നമ്മെത്തന്നെ സങ്കൽപ്പിച്ചു ചിന്തിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത് വളരെ ആസ്വാദ്യകരമായ ചിന്തകളാണ്. നമുക്ക് അവ ഓരോന്നായി ചിന്തിക്കാം:

**(1) കാണാതെ പോയ ആട് (ലൂക്കൊസ് 15:6)**

“തെറ്റി ഉഴന്ന ആട്” എന്നാണ് മത്തായി രേഖപ്പെടുത്തുന്നത് (18:12). നൂറു ആടുകളുടെ കൂട്ടത്തിൽ നിന്ന് ഒരു ആട് മാത്രമായി കൂട്ടം തെറ്റിപ്പോയി.

അപ്പോൾ ആ ആട് എത്ര മാത്രം തന്തോന്നിയാകണം! 99 എണ്ണം നേരെ ചൊവ്വെ നടക്കുമ്പോൾ അക്കൂട്ടത്തിൽ ചേരാതെ, മുറുമുറുപ്പും പിറുപിറുപ്പും ധിക്കാരവും അശ്രദ്ധയും അനുസരണക്കേടും എല്ലാം നിറഞ്ഞ ഒരു ആട്! ഇടയന് എന്നും തലവേദന സൃഷ്ടിക്കുന്ന ഒരു ആട്! മറ്റുള്ള ആടുകളെ പ്പോലും കഷ്ടത്തിലാക്കുന്ന ഒരു ആട്! ഏതാണ് ഈ വൃത്തികെട്ട സ്വഭാവ മുള്ള ആട്? ഉത്തരം ആലോചിച്ചുനോക്കൂ.

ഉത്തരം കിട്ടിയോ? ഇല്ലെങ്കിൽ 1 പത്രൊസ് 2:25 വായിക്കുക. "നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു." വ്യക്തിപരമായി ചിന്തിച്ചാൽ നാം ഓരോരുത്തരും ആയിരുന്നു ആ താന്തോന്നിയായ ആട്. "ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്ക് മടങ്ങിവ ന്നിരിക്കുന്നു" എന്നാണ് നാം തുടർന്ന് വായിക്കുന്നത്. കൃപയാൽ നാം രക്ഷി ക്കപ്പെട്ടു. അതിനുശേഷമോ? എത്ര തവണ നാം വീണ്ടും വീണ്ടും തെറ്റി ഉഴന്നു പോയി?! കൂട്ടം തെറ്റിപ്പോയി?! സഭയ്ക്ക് നാം തലവേദന സൃഷ്ടിച്ച സന്ദർഭങ്ങൾ ഉണ്ടോ? കൂട്ടുസഹോദരങ്ങളുമായി യോജിക്കാതെ, കൂട്ടത്തിൽ ചേരാതെ നാം നടന്നുവോ?

99 ആടുകൾ ഇടയനെ അനുസരിച്ച് മുന്നേറുമ്പോൾ അക്കൂട്ട ത്തിൽനിന്നും വേർതിരിഞ്ഞ് നിൽക്കുന്ന ആ ഒരാട് ഇടയന് പേരുദോഷം വരുത്തിവയ്ക്കും. മുമ്പെ നാമും ഇത്തരം ആടായിരുന്നു. ഇപ്പോൾ നാം യഥാ സ്ഥാനപ്പെട്ടിട്ടുണ്ട്. കൂട്ടം തെറ്റി ഉഴലുന്ന അവസ്ഥ വീണ്ടും നമുക്കു വരാതി രിക്കട്ടെ. ബൈബിൾ പഠനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവജ നവുമായുള്ള സഹവാസത്തിലൂടെയും നാം മുന്നേറണം. ഇല്ലായെങ്കിൽ നാം വീണ്ടും തെറ്റി ഉഴലുന്ന ആട് എന്ന അവസ്ഥയിലേക്ക് അധഃപതിക്കാൻ സാധ്യതയുണ്ട്.

### (2) ഇടയനില്ലാത്ത ആട് (മത്തായി 9:36)

"അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞ വരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ചു മനസ്സലിഞ്ഞു..." ഇടയനി ല്ലാത്ത ആടുകളുടെ അവസ്ഥ എത്ര പരിതാപകരമാണ്! "കുഴഞ്ഞവർ" എന്നതിനു ഉപയോഗിച്ചിരിക്കുന്ന അതേ ഗ്രീക്ക് പദമാണ് മത്തായി 15:32 ൽ "തളർന്നുപോയേക്കും" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഇടയനില്ലാത്ത ആടുകൾ തളർന്നുപോവുകയേ ഉള്ളൂ. സ്വന്തം കയ്യൂക്കും തടിമിടുക്കും കൊണ്ട് ആടിന് രക്ഷപ്പെടാനാവില്ല. അത് ഒരു ബലഹീനജീവിയാണ്. നായും നരിയും എല്ലാം അതിനെ വേട്ടയാടി കീഴ്പ്പെടുത്തും. ഇടയന്റെ ബലത്തിൽ ആശ്രയിച്ചാൽ അതിനു ധൈര്യമായി ജീവിക്കാം.

ദാവീദ് എന്ന ഇടയൻ പറയുന്നത് നോക്കൂ: "അടിയൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും വന്ന് കൂട്ടത്തിൽനിന്നു ആട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തുടർന്ന് അതിനെ അടിച്ചു അതിന്റെ വായിൽനിന്നു ആട്ടിൻകുട്ടിയെ വിടുവിച്ചു..." (1 ശമൂവേൽ 17:34,35). ആടുകൾക്ക് ഇടയനുണ്ടെങ്കിൽ ആ ഇടയൻ അവയെ സംരക്ഷിച്ചുകൊള്ളും. കർത്താവ് പറഞ്ഞു: "ഞാൻ നല്ല ഇടയൻ" (യോഹന്നാൻ 10:11). ഈ നല്ല ഇടയനെ അനുസരിച്ചുകൊണ്ട് നമുക്കു ജീവിക്കാം. കാരണം നാം ആടും നമ്മുടെ ശത്രുവായ പിശാച് സിംഹവുമാണ്. ആ സിംഹത്തിന്റെ കയ്യിൽനിന്നും നമ്മെ രക്ഷിക്കാനുള്ള കരുത്ത് ഉള്ളവനാണ് നമ്മുടെ ഇടയൻ.

**(3) ചെന്നായ്ക്കളുടെ നടുവിലെ ആട് (മത്തായി 10:16)**

"ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു" ചെന്നായ്ക്കളുടെ നടുവിലേക്ക് ആടിനെ അയയ്ക്കുന്ന ഇടയനോ! അതെ, അങ്ങനെയൊരു ഇടയനുണ്ട് – കർത്താവായ യേശുക്രിസ്തു! അപ്പോൾ ആ ആടുകളെ ചെന്നായ്ക്കൾ കടിച്ചുകീറുകയില്ലേ? എല്ലാവരെയുമില്ല. എന്നാൽ ചില ആടുകളെ ആ ചെന്നായ്ക്കൾ കടിച്ചുകീറി കൊല്ലുകതന്നെ ചെയ്യും. അഥവാ, ഇടയൻ അതിനു അനുവദിക്കും. സ്തെഫാനോസ് എന്ന ആടിനെ സുവിശേഷവിരോധികളായ കുറെ ചെന്നായ്ക്കൾ കടിച്ചുകീറി കൊന്നില്ലേ? യോഹന്നാന്റെ സഹോദരനായ യാക്കോബിനെ ഹെരോദാവ് എന്ന ചെന്നായ് കടിച്ചുകീറി കൊന്നില്ലേ? ആ ചെന്നായയുടെ അടുത്ത ഇര പത്രൊസായിരുന്നു. പക്ഷേ അവനെ തൊടുവാൻ കർത്താവ് അനുവദിച്ചില്ല.

അതെന്തുകൊണ്ടാണ് നമ്മുടെ ഇടയൻ ഇങ്ങനെ പക്ഷഭേദം കാണിച്ചത്? ഒരു ആടിനെ കൊല്ലുവാൻ അനുവദിക്കുകയും മറ്റൊരു ആടിനെ സംരക്ഷിക്കുകയും ചെയ്തിരിക്കുന്നു! മറുപടി ഇതാണ്: കർത്താവ് എന്ന ഇടയന്റെ കീഴിലെ ഒരു ആടിനെ ഏതെങ്കിലും ചെന്നായ കടിച്ചുകീറി കൊന്നാൽ ആ ആട് നശിച്ചുപോയി എന്നു വരുന്നില്ല. പിന്നെയോ ആ ആട് കൂടുതൽ സുരക്ഷിതവും മനോഹരവും ആയ അവസ്ഥയിലാണ് എത്തിച്ചേരുന്നത്. പല തവണ ചെന്നായ്ക്കളുടെ ഇടയിൽ ചെന്ന് അവറ്റകളുടെ ആക്രമണത്തിന് വിധേയമായ ഒരു ആടിന്റെ സാക്ഷ്യം കേൾക്കൂ: എനിക്ക് മരിക്കുന്നത് ലാഭമാണ് (ഫിലിപ്പിയർ 1:21)

**(തുടരും)**

**നമ്മുടെ വാട്സാപ് ഗ്രൂപ്പിൽ അംഗമാകൂ**

# ഹബക്കൂക്

## (പുസ്തകപഠനം)

1

**-എംവിഎസ്-**

**മീഖാ, ഓബദ്യാവ്, യോവേൽ എന്നീ പുസ്തകപഠനങ്ങൾക്കു ശേഷം നമ്മുടെ മാസികയിൽ ഈ ലക്കം മുതൽ പുതിയതായി ആരംഭിക്കുന്നു- ഹബക്കൂക് പുസ്തകപഠനം.**

പഴയനിയമകാലത്തെ പ്രവാചകന്മാരെക്കുറിച്ചുള്ള പഠനം നമുക്ക് ഒഴിവാക്കാനാവില്ല. എന്തുകൊണ്ടെന്നാൽ എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെന്നു ബൈബിൾ പറയുന്നു. പഴയനിയമം വായിക്കരുതെന്നു പറയുന്നവരും, വായിച്ചാൽ തന്നെ അതിൽനിന്നും സഭയിൽ പ്രസംഗിക്കരുത് എന്നു പറയുന്നവരുമുണ്ട്. ഇത്തരം ആശയങ്ങളെല്ലാം അവരുടെ വെറുംവാശിയിൽനിന്നോ അജ്ഞതയിൽനിന്നോ ഉടലെടുത്തവയാണ്. നാം പഴയനിയമം വായിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും വേണം.

**ഹബക്കൂകും പൈഥഗോറസും**

ക്രിസ്തുവിനു ഏകദേശം 600 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന വ്യക്തിയാണ് ഹബക്കൂക് എന്നു പറയപ്പെടുന്നു. ഇതു ശരിയെങ്കിൽ ഏകദേശം 2600 വർഷങ്ങൾക്കു മുമ്പ് ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഒരു പ്രവാചകന്റെ എഴുത്താണ് നാം പഠിക്കാൻ പോകുന്നത്.

ഏകദേശം ഇതേ കാലത്ത് തന്നെ ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഗണിതശാസ്ത്രജ്ഞനാണ് പൈഥഗോറസ് (BC 570-495). അദ്ദേഹത്തിന്റെ പൈഥഗോറസ് സിദ്ധാന്തം വളരെ പ്രശസ്തമാണ്. ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന രണ്ടു വ്യക്തികൾ! പൈഥഗോറസിന്റെ എഴുത്തുകൾ ലോകം പഠിക്കുന്നു; പഠിപ്പിക്കുന്നു. ഹബക്കൂകിന്റെ എഴുത്തുകൾ ദൈവജനം പഠിക്കുന്നു; പഠിപ്പിക്കുന്നു. പൈഥഗോറസ് മട്ടത്രികോണത്തിന്റെ വശങ്ങൾ തമ്മിലുള്ള ബന്ധം പഠിപ്പിച്ചപ്പോൾ, ഹബക്കൂക് ദൈവവും ദൈവജനവുമായുള്ള ബന്ധമാണ് പഠിപ്പിച്ചത്.

പൈഥഗോറസിന്റെ സിദ്ധാന്തം പഠിച്ചാൽ സ്കൂളിൽ മാർക്ക് ലഭിക്കും; ലോകത്തിൽ ഉയരാം. ഹബക്കൂകിന്റെ പുസ്തകം പഠിച്ചാൽ ദൈവമുമ്പാകെ ഉയരാം. രണ്ടും ആവശ്യമാണ്. പക്ഷേ നിർഭാഗ്യവശാൽ പൈഥഗോറസിനെ മാത്രമേ പലരും ശ്രദ്ധിക്കുന്നുള്ളൂ. നാം ഹബക്കൂകിനെ ശ്രദ്ധിക്കുക.

**പേരിന്റെ അർത്ഥം**

ഹബക്കൂക് എന്ന പേരിന്റെ അർത്ഥം 'ആലിംഗനം ചെയ്യുക' (embrace) എന്നാണ്. മാതാപിതാക്കൾ മകന് ഇട്ടുകൊടുത്ത പേര്! അവൻ ദൈവത്തെ ആലിംഗനം ചെയ്യുന്നവനാകണം, ദൈവജനത്തെ ആലിംഗനം ചെയ്യുന്നവ നാകണം, ദൈവികപ്രമാണങ്ങളെ ആലിംഗനം ചെയ്യുന്നവനാകണം എന്നെല്ലാം ആ മാതാപിതാക്കൾ ആഗ്രഹിച്ചിട്ടുണ്ടായിരിക്കാം.

**ആരാണ് ഹബക്കൂക്?**

ഹബക്കൂകിനെക്കുറിച്ചുള്ള വിശദാംശങ്ങൾ നമുക്കറിഞ്ഞുകൂടാ. അതായത്, കുടുംബപശ്ചാത്തലം, പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഒന്നും നമുക്കറിഞ്ഞുകൂടാ. മൂന്ന് അദ്ധ്യായങ്ങൾ മാത്രമുള്ള ഈ പുസ്തകത്തിൽനിന്നും ഹബക്കൂകിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന മൂന്നു കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

(1) ഹബക്കൂക് പ്രവാചകനായിരുന്നു (1:1)

(2) ഹബക്കൂക് കാവൽക്കാരനായിരുന്നു (2:1)

(3) ഹബക്കൂക് ഗാനരചയിതാവും ഗായകനുമായിരുന്നു (3:1)

**1. ഹബക്കൂക് പ്രവാചകനായിരുന്നു** (1:1)

ധീരത വേണ്ട ഒരു ശുശ്രൂഷയായിരുന്നു പ്രവാചകശുശ്രൂഷ. കള്ളപ്രവാചകന്മാരുടെ എതിർപ്പിനെയും ശുശ്രൂഷകളെയും മറികടക്കേണ്ടതുണ്ടായിരുന്നു. മുഖം നോക്കാതെ കാര്യങ്ങൾ പറയണമായിരുന്നു. ദൈവം എന്താണോ അരുളിച്ചെയ്യുന്നത്, അത് അതേ പടി മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കണമായിരുന്നു.

നമ്മുടെയിടയിൽ ഈ കാലത്ത് വചനം പഠിപ്പിക്കുന്നവർ പ്രവാചകന്മാരെപ്പോലെയാകണം. സത്യങ്ങൾ തുറന്നു പറയണം. പ്രവാചകൻ പലപ്പോഴും ഒറ്റപ്പെടുമായിരുന്നു. തിരുവചനസത്യങ്ങൾ വിളിച്ചുപറയുന്നവർ ഒറ്റപ്പെട്ടു എന്നു വരാം. പക്ഷേ പഴയനിയമകാലത്തെ പ്രവാചകന്മാർ ധീരത കാണിച്ചവരാണ്. അവരാരും തങ്ങളുടെ ജീവിതത്തിൽ 'ഗതി' പിടിച്ചിട്ടില്ല. പലപ്പോഴും അവർ ഒറ്റപ്പെട്ടുപോയി. നഷ്ടവും അപമാനവും സഹിച്ചാണ് അവർ പലപ്പോഴും ജീവിച്ചത്. എങ്കിലും ദൈവനാമത്തിനുവേണ്ടി അവർ ശക്തമായി നിലകൊണ്ടു. അത്തരമൊരു പ്രവാചകനാണ് ഹബക്കൂക്.

**2. ഹബക്കൂക് കാവൽക്കാരനായിരുന്നു** (2:1)

"ഞാൻ കൊത്തളത്തിൽനിന്നു കാവൽകാത്തു..." എന്ന് 2:1 ൽ കാണാം. കൊത്തളം എന്നാൽ ഗോപുരം (tower) എന്നർത്ഥം. ടവറിന്റെ മുകളിൽ

നിന്നുകൊണ്ട് ശത്രുവിന്റെ വരവ് ശ്രദ്ധിക്കുന്ന കാവൽക്കാരൻ! ഇങ്ങനെയൊരു ജോലികൂടി ഹബക്കൂകിനുണ്ടായിരുന്നു. ശത്രുവിന്റെ വരവ് തിരിച്ചറിഞ്ഞ് ആ വിവരം കൃത്യമായി അധികാരികളെ അറിയിച്ച് നാടിനെ രക്ഷിക്കാൻ ബാധ്യസ്ഥനായ ഒരു ജോലിക്കാരനായിരുന്നു അദ്ദേഹം. ആ ജോലിക്കിടയിലും അദ്ദേഹം ദൈവത്തെയും ദൈവജനത്തെയും കുറിച്ച് ചിന്തയുള്ളവനായിരുന്നു. ലഭിച്ച ഒഴിവുസമയമെല്ലാം ദൈവിക കാര്യങ്ങൾക്കുവേണ്ടി അദ്ദേഹം ചെലവഴിച്ചു.

പലർക്കും അവരുടെ ജോലിയും പഠനവുമെല്ലാം ദൈവത്തെയും ദൈവജനത്തെയും കുറിച്ച് ചിന്തിക്കുന്നതിന് തടസ്സമാണ്. പക്ഷേ ഹബക്കൂകിന് അങ്ങനെയല്ലായിരുന്നു. ഭക്തനായ കാവൽക്കാരൻ! അവൻ നാടിന്റെ മാത്രമല്ല, ദൈവജനത്തിന്റെയും ദൈവികപ്രമാണങ്ങളുടെയും കാവൽക്കാരൻ കൂടിയായിരുന്നു.

**3. ഹബക്കൂക് ഗാനരചയിതാവും ഗായകനുമായിരുന്നു** (3:1)

ഹബക്കൂക് ഒരു പാട്ട് എഴുതുകയും അത് സംഗീതപ്രമാണിക്കു കൊടുക്കുകയും ചെയ്തു (3:19). സംഗീതപ്രമാണിയുടെ നേതൃത്വത്തിൽ അത് ഈണമിട്ട് പാടും. സംഗീതം ഇഷ്ടപ്പെടുന്ന പ്രവാചകനായിരുന്നു ഹബക്കൂക്. സംഗീതം ഇഷ്ടപ്പെടാത്ത വിശ്വാസികൾ ചുരുക്കമായെങ്കിലും ഉണ്ട്. പേരിന് ഒന്നോ രണ്ടോ പാട്ട് പാടി അവസാനിപ്പിക്കുക, ഇടയ്ക്കിടെ പാട്ടിന്റെ വരികൾ പാടേണ്ടതില്ല എന്നു അവർ വാദിക്കുന്നു. പ്രസംഗത്തോടാണ് അവർക്ക് താത്പര്യം. ഹബക്കൂക് പ്രസംഗിക്കുക മാത്രമല്ല പാടുകയും ചെയ്യുമായിരുന്നു.

പ്രസംഗവും (വചനകേൾവിയും) പാട്ടും ഒരു വിശ്വാസിക്ക് വേണം. രണ്ടിനെയും ഒരു വിശ്വാസി ഇഷ്ടപ്പെടണം. പാട്ടു പാടാൻ താത്പര്യമില്ലാത്തവനായാലും വിശ്വാസി പാടണം. പാടാൻ കഴിവില്ലാത്തവനായാലും അവൻ ദൈവസന്നിധിയിൽ പാടണം. മിര്യാം പറഞ്ഞത് കേൾക്കുക: "ഞാൻ യഹോവെക്കു പാട്ടു പാടും" (പുറപ്പാട് 15:1). "ഞാൻ പാടും, യഹോവെക്കു ഞാൻ പാടും" എന്നു ദെബോരയും ബാരാക്കും പറഞ്ഞുവല്ലോ (ന്യായാധിപന്മാർ 5:3).

ജോലി ചെയ്യുകയും അതേസമയം പ്രവാചകശുശ്രൂഷ ചെയ്യുകയും ഗാനമെഴുതുകയും ചെയ്ത ഭക്തനായി നമുക്ക് ഹബക്കൂകിനെ കാണാൻ കഴിയും. കാവൽക്കാരൻ എന്നത് അത്ര വലിയ ഉദ്യോഗമൊന്നുമല്ല. പക്ഷേ അത് വലിയ ജാഗ്രത കാണിക്കേണ്ട ജോലിയായിരുന്നു. അത് ഭംഗിയായി അദ്ദേഹം ചെയ്തു. ഒപ്പം ദൈവവചനത്തോടും ജാഗ്രത കാണിച്ചു. ആ അനുഗ്രഹിക്കപ്പെട്ട ജീവിതം നമുക്കും അനുകരിക്കാം. **(തുടരും)**

# രണ്ടുപേരും സുവിശേഷവേലക്കാർ

## ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** രണ്ടു പരിചയക്കാർ. അവർ രണ്ടുപേരും ബൈബിൾകോളേജിലെ പഠനശേഷം സുവിശേഷവേലയ്ക്കിറങ്ങി. ഒരാൾ കേരളത്തിലും മറ്റേയാൾ വേറൊരു സംസ്ഥാനത്തിലെ ആദിവാസിഗോത്രവിഭാഗങ്ങളിലും ആണ് പ്രവർത്തനം. പതിനഞ്ചുവർഷത്തിനുശേഷം ഇവർ വീണ്ടും കണ്ടുമുട്ടി. കേരളത്തിനു വെളിയിൽ പ്രവർത്തനത്തിനു പോയ വ്യക്തി ഇപ്പോഴും സുവിശേഷവേല ചെയ്യുന്നു. അദ്ദേഹം തികഞ്ഞ ആത്മികസന്തോഷത്തിലാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന വ്യക്തിയും തികഞ്ഞ ഭൗതികസന്തോഷത്തിലാണ്. അദ്ദേഹത്തിനു പലയിടത്തും എസ്റ്റേറ്റുകൾ ഉണ്ട്. വില കൂടിയ കാറുകൾ മൂന്നെണ്ണം ഉണ്ട്. സുവിശേഷപ്രവർത്തനത്തിനു സഹായിക്കുന്ന ചില സായ്പ്പന്മാരുമായി ബന്ധങ്ങളും ഉണ്ട്. ഭൗതികമായി ഉയർച്ച പ്രാപിക്കാത്ത സുവിശേഷകരെ അദ്ദേഹത്തിനു ഇപ്പോൾ ഉള്ളുകൊണ്ട് പുച്ഛമാണ്. ഇത്രയും എഴുതിയ രണ്ടുപേരുടെയും ലഘുവായ ജീവചരിത്രത്തിൽനിന്നു താങ്കളുടെ പ്രതികരണമെന്താണ്?

**ഉത്തരം:** രണ്ടു പേരെയും സുവിശേഷപ്രവർത്തനത്തിനു നിയോഗിച്ചത് ഞാനല്ല, കർത്താവാണ്. അതുകൊണ്ട് ന്യായം വിധിക്കേണ്ടതും പ്രതികരിക്കേണ്ടതും കർത്താവാണ്.

ആത്മിക ജീവിതം നയിക്കുമ്പോഴും ഭൗതികാസക്തിയിലേക്ക് പോകാനുള്ള പ്രലോഭനം മിക്കവർക്കും ഉണ്ടാകും. നിസ്സാരമായ കാരണങ്ങളായിരിക്കും ഭൗതികാസക്തിയിലേക്ക് തുടക്കമിടുന്നത്. ഒന്നുമില്ലായ്മയിൽനിന്ന് പെട്ടെന്നു സമ്പന്നനായ ഒരു സുവിശേഷകന്റെ മായം ചേർന്ന സാക്ഷ്യമായിരിക്കാം മിക്കവരേയും ഭൗതികാസക്തിയിലേക്ക് നയിക്കുന്നത്. ആത്മികജീവിതത്തിനു സമർപ്പിച്ച ശേഷം ഭൗതിക ഉന്നതി ലക്ഷ്യം വയ്ക്കുന്നവരെ കളിയാക്കിക്കൊണ്ട് ശ്രീരാമകൃഷ്ണപരമഹംസർ പറഞ്ഞ ഒരു കഥയുണ്ട്.

ഒരു സന്യാസി കാട്ടിൽ ഏകാന്തജീവിതം നയിച്ചിരുന്നു. അയാൾക്ക് സ്വന്തമായി രണ്ടു കാവിമുണ്ട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരിക്കൽ രാത്രിയിൽ ഉണർന്ന സന്യാസി അലക്കിവിരിച്ചിരുന്ന തന്റെ മുണ്ട് എലി വെട്ടി നശിപ്പിച്ചിരിക്കുന്നത് കണ്ട് നടുങ്ങി. എലിയെ കൊല്ലാൻ തന്റെ മനസ്സ് അനുവദിക്കുന്നുമില്ല. മറ്റേ മുണ്ട് ഇനിയും എലി വെട്ടാതിരിക്കാൻ അയാൾ ഒരു പൂച്ചയെ വളർത്തി. കാട്ടിലെ കായ്കനികളൊക്കെ തിന്നു ശീലിച്ച

സന്യാസി പൂച്ചയ്ക്കുള്ള ആഹാരത്തിനായി ബുദ്ധിമുട്ടി. അതുകൊണ്ട് പൂച്ചയ്ക്ക് പാൽ കൊടുക്കുവാൻ ഒരു പശുവിനെ വിലയ്ക്കു വാങ്ങി.

സന്യാസജീവിതത്തിനു ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ പശുവിനെ മേയിക്കുവാൻ ഒരു ഇടയച്ചെറുക്കനെ ജോലിക്കു നിർത്തി. പക്ഷേ ഒരു പശുവിനെ മാത്രം മേയ്ക്കുവാൻ ഒരു ഇടയച്ചെറുക്കനെ നിർത്തുന്നതു നഷ്ടമായതുകൊണ്ട് സന്യാസി രണ്ടു പശുക്കളെക്കൂടി വിലയ്ക്കു വാങ്ങി. അവയെ തീറ്റാൻ ഒരു പറമ്പും ഒരു പശുക്കൂടും കാടിന്നടുത്തുള്ള ഒരു കൃഷിക്കാരനോട് സന്യാസി വാങ്ങിച്ചു. പശുക്കൾ പെറ്റുപെരുകി. പശു/പാൽ വില്പന ഇവയിലൂടെ ഇഷ്ടംപോലെ പണം സന്യാസിക്കു വരാൻ തുടങ്ങി. അപ്പോൾ കല്യാണം കഴിച്ചാലോ എന്ന് സന്യാസിക്ക് ആഗ്രഹം. ഉടനെ കല്യാണവും നടന്നു. മക്കളുണ്ടായി. അപ്പോഴാണ് ഈ സന്യാസിയുടെ സുഹൃത്തായ മറ്റൊരു സന്യാസിയുടെ വരവ്. തന്റെ സുഹൃത്തിനുണ്ടായ മാറ്റത്തെക്കുറിച്ച് അറിഞ്ഞ രണ്ടാമത്തെ സന്യാസി കാരണം അന്വേഷിച്ചു. **എല്ലാം ഒരു കാവിമുണ്ട് രക്ഷിച്ചെടുക്കാൻ വേണ്ടി.** ഇതായിരുന്നു ആദ്യത്തെ സന്യാസിയുടെ പ്രതികരണം.

ഈ ലോകത്ത് ജീവിക്കുമ്പോൾ ഭൗതികആവശ്യങ്ങളുണ്ട്. അദ്ധ്വാനിക്കാതെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റപ്പെടില്ല. അദ്ധ്വാനിക്കാത്ത വിശ്വാസിയുമായി സംസർഗ്ഗം പാടില്ല എന്നുള്ളത് കർത്താവിന്റെ കല്പനകളിൽ ഒന്നാണ് (2 തെസ്സ. 3:10-14). എന്നാൽ സമ്പത്തിനോടുള്ള അത്യാഗ്രഹം വിഗ്രഹാരാധനയാണ് (എഫെ. 5:5). അത്യാഗ്രഹം എന്ന വിഗ്രഹം മനസ്സിൽ വേരോടിക്കഴിഞ്ഞാൽ മറ്റുള്ളവർക്കുവേണ്ടി പിരിച്ച ധനം മോഷ്ടിക്കുന്നതും, ഇല്ലാത്ത പദ്ധതികൾ അവതരിപ്പിച്ച് ശുദ്ധഹൃദയരായ വിശ്വാസികളിൽനിന്നു പിരിവെടുത്ത് സ്വന്തം അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും തെറ്റായി തോന്നുകയില്ല.

സർവശക്തന്റെ നാമം ഉപയോഗിച്ച് നടത്തിയ പിരിവിലൂടെ, അതായത് മോഷണത്തിലൂടെയും വഞ്ചനയിലൂടെയും സ്വരൂപിച്ച ധനത്തിൽ അല്പം സുവിശേഷവേലയ്ക്ക് ഉപയോഗിച്ചാൽ സർവ്വജ്ഞാനിയായ ദൈവത്തിന് അതങ്ങ് വല്ലാതെ ഇഷ്ടപ്പെടും എന്നു സ്വയം തോന്നുകയും ചെയ്യും. കാരണം, നമുക്ക് സ്നേഹവാനായ ദൈവത്തെ ഭയമില്ലല്ലോ! ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലകാരണമാകുന്നു. (1 തിമൊ. 6:10-14). ലോകത്തിനാവശ്യം എന്നെ ദൈവം ചങ്ങനാശ്ശേരിയിൽ ഉയർത്തി എന്നുള്ള സാക്ഷ്യമല്ല. ആത്മിക ശക്തിയും സ്നേഹവും കരുണയും പ്രവഹിക്കുന്ന വ്യക്തികളേയും സഭകളേയും പ്രസ്ഥാനങ്ങളേയും ലോകത്തിനാവശ്യമുണ്ട്. നമ്മിലൂടെ ക്രിസ്തു ലോകത്തിൽ വെളിപ്പെടുന്നുണ്ടോ എന്നു നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ❍

# ഇമ്മാനുവിന്റെ സംശയങ്ങൾ (36)

**എം.വി.എസ്**

## മിന്നൽരക്ഷാചാലകമേ കാത്തോളണേ!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

ഓൺലൈൻ ക്ലാസ്സുകൾ അവസാനിപ്പിച്ച് ഓഫ്ലൈൻ ക്ലാസ്സുകളാവുകയും സ്കൂൾ തുറക്കുകയും ചെയ്തപ്പോൾ ഈ ദുനിയാവിൽ ഏറ്റവും കൂടുതൽ സന്തോഷിച്ചത് ഈ പാവം ഞാനായിരിക്കും.

ഓൺലൈൻക്ലാസ്സുകളുടെ സമയത്ത് മുഴുവൻ സമയവും അവൻ വീട്ടിൽ ഉള്ളതുകൊണ്ട് സംശയങ്ങളുടെ ബഹളമല്ല, പ്രളയമായിരുന്നു. തോറ്റു ഞാൻ.

എന്റെ മോൻ ഇമ്മാനു എന്ന ലോകപരാജയത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. നാലാംക്ലാസ്സിലേ ആയിട്ടുള്ളൂ. പക്ഷേ അവന്റെ വിചാരം അവൻ ഐസക്ന്യൂട്ടന്റെ അപ്പനാണെന്നാണ്.

എന്തൊക്കെ സംശയങ്ങളായിരുന്നു! ഇക്കാലയളവിൽ അവൻ എന്നോടു ചോദിച്ച സംശയങ്ങളിൽ ചിലത് മാത്രം ഞാൻ പറയാം.

പരശുരാമൻ കോടാലി എറിഞ്ഞാണ് കേരളം ഉണ്ടായതെങ്കിൽ, തമിഴ്നാട് ഉണ്ടായത് ആര് എന്ത് എറിഞ്ഞിട്ടാണ്? നമ്മുടെ നാട്ടിൽ ഹൈടെക് ആശുപത്രികൾ ഉണ്ടായിട്ടും മുഖ്യമന്ത്രി എന്തിനാണ് അമേരിക്ക/യിൽ ചികിത്സയ്ക്ക് പോയത്? നരേന്ദ്രമോദി എന്താണ് താടി വടിക്കാത്തത്? രാഹുൽഗാന്ധി എന്താണ് താടി വയ്ക്കാത്തത്?

അയ്യയ്യോ! ഇവൻ എന്റെ മോൻ തന്നെയാണാവോ? ലേബർ റൂമിൽ എന്റെ ഭാര്യയുടെ അടുത്ത് ഒരു നാടോടി സ്ത്രീ കിടന്നിരുന്നുവത്രേ! കുട്ടിയെ മാറി എടുത്തതായിരിക്കുമോ? ഇതു ഞാൻ പറഞ്ഞപ്പോഴേക്കും ഇമ്മാനു വലിയ വായിൽ കാറിക്കൂവി ഒറ്റ കരച്ചിൽ!

അതൊക്കെ പോട്ടെ. സ്കൂളിൽ പോയപ്പോൾ പുലിവാല് പിന്നെയും കൂടി. ക്ലാസ്ടീച്ചറായ സിസ്റ്റർ പെട്രീഷ്യ ഉപന്യാസരചനയിൽ കുട്ടികൾക്ക് പരിചയം ഉണ്ടാകാനായി ഇഷ്ടമുള്ള വിഷയത്തെപ്പറ്റി ഉപന്യാസം എഴുതാനായി പറഞ്ഞു.

നമ്മുടെ ഇമ്മാനു എഴുതിയ ഉപന്യാസത്തിന്റെ ഹെഡിംഗ് എന്താണെന്നോ! *മിന്നൽരക്ഷാചാലകമേ കാത്തോളണേ.* ഇതാണ് അവൻ എഴുതിയ ഉപന്യാസത്തിന്റെ തലക്കെട്ട്.

ഉപന്യാസം വായിച്ച് സിസ്റ്റർ കലിതുള്ളി. അവന്റെ അപ്പനാകാൻ വിധിക്കപ്പെട്ട എന്നെ സ്കൂളിലേക്ക് വിളിപ്പിച്ചു. വായിച്ച്നോക്ക്, പുന്നാരമോന്റെ രചന എന്നും പറഞ്ഞ് അവൻ എഴു

തിയ ലേഖനം എന്നെ കാണിച്ചു. ഞാൻ അത് വായിക്കുമ്പോൾ എന്റെ കയ്യും കാലും വിറയ്ക്കുന്നുണ്ടായിരുന്നു.

അവൻ എഴുതിയ ആ ചവറുലേഖനത്തിന്റെ ഒരു ഭാഗം ഇപ്രകാരമാണ്:

*10 കോടി രൂപ മുടക്കി പണിതുയർത്തിയ ഒരു പള്ളി ഞാൻ കണ്ടു. പള്ളിയുടെ മുൻഭാഗത്ത് നല്ല ഉയരത്തിൽ മൂന്നു ഗോപുരങ്ങൾ ഉണ്ട്. അതിൽ നടുവിലെ ഗോപുരത്തിന് കൂടുതൽ ഉയരമുണ്ട്. അതിന്റെ മുകളിൽ ഒരു കുരിശ് വച്ചിരിക്കുന്നു. ആ കുരിശിന്റെയും മുകളിൽ ഒരു മിന്നൽരക്ഷാചാലകം വച്ചിരിക്കുന്നത് ഞാൻ കണ്ടു.*

*മിന്നൽരക്ഷാചാലകമില്ലെങ്കിൽ ആ കുരിശിന് മിന്നൽ ഏൽക്കുമത്രേ. കുരിശും പള്ളിയും മിന്നലിൽ നശിച്ചുപോകും.*

*മറ്റൊരു പള്ളിയിൽ ഏറ്റവും മുകളിൽ കർത്താവ് കൈവിരിച്ചു നിൽക്കുന്ന ഒരു പ്രതിമയുണ്ട്. അതിന്റെ മുകളിലും മിന്നൽരക്ഷാചാലകമുണ്ട്. അതില്ലെങ്കിൽ കർത്താവിന്റെ പ്രതിമയ്ക്ക് മിന്നൽ ഏൽക്കും.*

*ആളുകൾ ഭക്തിയോടെ തൊട്ടുമുത്തുന്ന കുരിശിനും കർത്താവിന്റെ പ്രതിമയ്ക്കും എല്ലാം മിന്നൽരക്ഷാചാലകത്തിന്റെ സംരക്ഷണം വേണമെങ്കിൽ, നാം പ്രാർത്ഥിക്കേണ്ടത് ആ മിന്നൽരക്ഷാചാലകത്തിനോടല്ലേ? മിന്നൽരക്ഷാചാലകമേ കാത്തോളണേ എന്നു എല്ലാവരും പ്രാർത്ഥിക്കുക.*

ലേഖനത്തിന്റെ ബാക്കി ഭാഗം വായിക്കാൻ ശക്തിയില്ലാതെ ഞാൻ സിസ്റ്ററെ ദയനീയമായി നോക്കി.

സിസ്റ്ററാണെങ്കിൽ കാളീദേവിയെപ്പോലെ ചുവന്ന കണ്ണുകളുമായി എന്നെ തുറിച്ചു നോക്കി നിൽക്കുന്നു.

"സിസ്റ്റർ, അവനോടു ഇത്തവണ ക്ഷമിക്കൂ. ഞാൻ അവനെ പറഞ്ഞു മനസ്സിലാക്കാം."

വല്ല വിധേനയാണ് സിസ്റ്ററെ ഒന്നു പറഞ്ഞു സമ്മതിപ്പിച്ചത്.

ooooooooooooooooooo

സ്കൂൾ വിട്ട് അവൻ വീട്ടിൽ വന്ന പാടേ തന്നെ ഞാൻ ചൂലുംകെട്ട് എടുത്ത് അവന്റെ നടുംപുറം നോക്കി ഒരെണ്ണം കൊടുത്തു.

"അന്ത്രോസങ്കിൾ... എന്നെ തല്ലിക്കൊല്ലുന്നേ.... ഓടിവായോ" എന്നു അലറിവിളിച്ച് അവൻ പുറത്തേക്ക് ഓടി.

ഞാൻ ചൂലുംകെട്ട് അവന്റെ നേരെ ശക്തിയായി എറിഞ്ഞുവെങ്കിലും അത് അവന്റെ മേൽ കൊണ്ടില്ല. എന്നിട്ടും അത് കൊണ്ട പോലെ അവൻ വേദനകൊണ്ട് പുളയുന്ന പോലെ അഭിനയിച്ചു. നടനാണവൻ!

"അരുത് ബ്രദറേ" എന്നു പറഞ്ഞ് അന്ത്രോസ്ബ്രദർ വന്നു.

"ഏതോ നാടൻപട്ടിയുടെ കരച്ചിൽ കേട്ടല്ലോ... എന്താ ഉണ്ടായത്" എന്നും ചോദിച്ച് നമ്മുടെ ഇറ്റ്യാനംചേടത്തി.

വലിയ വായിൽ കരഞ്ഞുകൊണ്ട് ഇമ്മാനു രണ്ടു പേരോടും കാര്യങ്ങൾ

വിശദീകരിച്ചു.

ഇറ്റ്യാനംചേടത്തി മൂക്കത്ത് വിരൽ വച്ചുപോയി! "ഹെന്റെ പരുമല തിരുമേനി, ഈ കൊച്ചൻ ഇത് എന്തിനുള്ള പുറപ്പാടാ?"

പക്ഷേ അന്ത്രോസ്ബ്രദർ ഇമ്മാനുവിനെ പിന്താങ്ങി. "ഇമ്മാനു എഴുതിയതിൽ എന്താ തെറ്റ്? പള്ളിയേയും കുരിശിനേയും കർത്താവിനേയും പള്ളിയിൽ ഉള്ളവരേയും രക്ഷിക്കുന്നത് മിന്നൽരക്ഷാചാലകമാണെങ്കിൽ, നാം പ്രാർത്ഥിക്കേണ്ടത് അതിനോടു തന്നെയല്ലേ?"

ഇതു കേട്ടതോടെ ഇറ്റ്യാനംചേടത്തിയുടെ കണ്ട്രോൾ പോയി.

"നിങ്ങടെ സഭാഹാളിന്റെ മുകളിൽ മിന്നൽരക്ഷാചാലകം വച്ചാൽ പിന്നെ നിങ്ങൾ അതിനോടാണോ പ്രാർത്ഥിക്കുക?"

ഇറ്റ്യാനം ചൂടായി സംസാരിച്ചാൽ പിന്നെ അന്ത്രോസ്ബ്രദർ കുട്ടികൾ നഷ്ടപ്പെട്ട കരടിയെപ്പോലെ അക്രമാസക്തനായി മാറും.

"ഞങ്ങടെ സഭാഹാളിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നത് കുരിശിനോടും വിഗ്രഹങ്ങളോടും അല്ല. ജീവനുള്ള, അദൃശനായ ദൈവത്തോടാണ്. അതുകൊണ്ട് കെട്ടിടത്തിന്റെ സുരക്ഷയ്ക്കുവേണ്ടി മിന്നൽരക്ഷാചാലകം വച്ചാലും ഞങ്ങൾ പ്രാർത്ഥിക്കുന്നത് ആ അദൃശനായ ദൈവത്തോടു തന്നെയായിരിക്കും."

അന്ത്രോസ്ബദ്രർ തുടർന്നു: "ഞങ്ങൾ ആ കെട്ടിടത്തോട് പ്രാർത്ഥിക്കാറില്ല. പക്ഷേ നിങ്ങൾ കുരിശിനെ തൊട്ടുമുത്തുന്നു. കർത്താവിന്റെ രൂപത്തെ തൊട്ടുമുത്തുന്നു. അതിനെയെല്ലാം സംരക്ഷിക്കാൻ മിന്നൽരക്ഷാചാലകം വേണം താനും. അപ്പൊപിന്നെ നമ്മുടെ ഇമ്മാനുക്കുട്ടൻ പറഞ്ഞതു തന്നെയാണ് ശരി."

ഇറ്റ്യാനംചേടത്തി നാഗവല്ലി പോലെ ഉറഞ്ഞുതുള്ളി: "ദേ അന്ത്രോസേ, കുട്ടികളിൽ ഇത്തരം വിഷം കുത്തി നിറയ്ക്കരുത്."

ഉടനെ ഇമ്മാനു ഇടപെട്ടു. "ഇറ്റ്യാനംചേടത്തി, ഇതു വിഷമല്ല. ഇത് യാഥാർത്ഥ്യമാണ്. മിന്നൽരക്ഷാചാലകമില്ലെങ്കിൽ, നിങ്ങൾ പ്രാർത്ഥിക്കുന്ന കുരിശും രൂപങ്ങളും നശിച്ചുപോകുമെങ്കിൽ, മിന്നൽരക്ഷാചാലകമല്ലേ അതിനേക്കാളെല്ലാം വലുത്?"

''മിണ്ടാതിരിക്കെടാ'' എന്നും പറഞ്ഞ് ഞാൻ വീണ്ടും അവനെ തല്ലാൻ കയ്യോങ്ങി. മൂർഖൻ ആഞ്ഞു കൊത്തുമ്പോൾ നല്ല മെയ്‌വഴക്കത്തോടെ ഒഴിഞ്ഞുമാറുന്ന കീരിയെപ്പോലെ അവൻ ഒഴിഞ്ഞുമാറി.

അപ്പോഴേക്കും എടാ പോടീ വിളികളുമായി അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും യുദ്ധസജ്ജരായിക്കഴിഞ്ഞിരുന്നു.

"നിങ്ങൾക്ക് തലയ്ക്കു വല്ല വട്ടും ഉണ്ടോ?" എന്നു ചോദിച്ച് എന്റെ ഭാര്യയുടെ മാസ് എൻട്രി. "ഒരു പൊട്ടൻ എന്തൊക്കെയോ എഴുതിവച്ചു എന്നും പറഞ്ഞ് വേറെ കുറെ പൊട്ടന്മാർ അത് ചർച്ച ചെയ്യുന്നു."

ഓർക്കാപ്പുറത്ത് ഏറ്റ ഈ പ്രഹരം എല്ലാവരെയും നിശബ്ദരാക്കി. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th March 2022

Posted at
Thrissur RMS

**ആനുകാലികം**

## പഴ്സനൽസ്റ്റാഫിന് കേരളത്തിൽ മാത്രം വിചിത്രമായ സൗകര്യങ്ങൾ!

ശമ്പളം ഒരു ലക്ഷത്തിലേറെ; 2 വർഷം ജോലി ചെയ്താൽ അടുത്ത മാസം മുതൽ പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് പെൻഷൻ ലഭിക്കുക 60 വയസ്സിനുശേഷം. സർക്കാർ ജീവനക്കാർക്ക് മിനിമം പെൻഷനെങ്കിലും ലഭിക്കണമെങ്കിൽ കുറഞ്ഞത് 10 വർഷം ജോലി ചെയ്യണം. എന്നാൽ രാഷ്ട്രീയ താത്പര്യവും വ്യക്തിതാത്പര്യവും നോക്കി മാത്രം മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും ഓഫീസിൽ നിയമിക്കുന്ന പഴ്സനൽസ്റ്റാഫിനു വിരമിച്ചാൽ പിറ്റേ മാസം മുതൽ കിട്ടും പെൻഷൻ. ഈ വിചിത്രമായ ആചാരം രാജ്യത്തെ പല സംസ്ഥാനങ്ങളും നടപ്പാക്കാൻ ധൈര്യപ്പെടാത്തപ്പോഴാണ് ഒട്ടേറെ വിമർശനങ്ങൾ ഉയർന്നിട്ടും കേരളം പിന്തുടരുന്നത്.

2 വർഷം കഴിഞ്ഞാൽ പെൻഷൻ വാങ്ങാൻ കഴിയുന്നതിനാൽ ഓരോ മന്ത്രിമാരും രണ്ടു വർഷം ഒരാളെയും അടുത്ത രണ്ടു വർഷം മറ്റൊരാളെയും നിയമിച്ച് 5 വർഷത്തിനിടെ ഒരു തസ്തികയിൽ 2 പേർക്ക് വീതം പെൻഷൻ വാങ്ങാൻ അവസരമൊരുക്കി കൊടുക്കുകയാണ്

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V